# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 435 **10.06.2014**- ൽ മറുപടിക്ക്

**കറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. എ.എ. അസീസ് :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ** (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ ബാങ്കുകൾവഴി ഏതെല്ലാം വായ്പകൾ കൃഷിക്കാർക്ക് നൽകി വരുന്നു; | (എ) സംസ്ഥാനത്ത് സഹകരണ മേഖല വഴി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ വഴി ഹ്രസ്വകാല, മദ്ധ്യകാല വിള വായ്പകളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന ദീർഘകാല കാർഷിക വായ്പകളും നൽകി വരുന്നു. |
| ബി) പ്രസ്തുത വായ്പകൾക്ക് എത്ര ശതമാനമാണ് പലിശ ഈടാക്കുന്നത്; | (ബി) സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന കാർഷിക അനുബന്ധ വായ്പകൾക്ക് പരമാവധി 11%ഉം, ദീർഘകാല വായ്പാ മേഖലയിൽ ബോറോയിംഗ് നിരക്കനുസരിച്ചുള്ള പലിശ നിരക്കുമാണ് കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കുകൾ. ദീർഘകാല മേഖലയിൽ 50,000/- രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 12.75%ഉം 50,000/- രൂപയിൽ മുകളിലുള്ള വായ്പകൾക്ക് 13.75% വുമാണ് നിലവിൽ ഈടാക്കുന്നത്.<br>കൂടാതെ സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. |

ഇതിനു പുറമെ ഹ്രസ്വകാല വായ്പകൾ സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയും കേന്ദ്ര ഗവൺമെന്റിന്റെ പലിശ സബ്‌വെൻഷനും വിനിയോഗിച്ച് പലിശ രഹിതമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഓരോ സഹകരണ ബാങ്കും നിശ്ചിത തുക കൃഷി വായ്പ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സഹകരണ സംഘം രജിസ്ട്രാരുടെ 4/2007 നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ആകെ നൽകുന്ന വായ്പയുടെ 40% കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) | കൃഷിക്കാർക്ക് വായ്പയായി കൂടുതൽ തുക കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നടപടി സ്വീകരിച്ച് വരുന്നുണ്ട്. സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം പലിശ സബ്സിഡിയും കേന്ദ്ര ഗവൺമെന്റിന്റെ പലിശ സബ്‌വെൻഷനും വിനിയോഗിച്ച് പലിശ രഹിതമായി നൽകുന്നതിനുള്ള ഉത്തേജന പലിശ ഇളവ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**